# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.426

### 24-01-2018 ൽ മറുപടിക്ക്

**കിഫ്ബി വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി**

| ചോദ്യം<br>ശ്രീ. ഐ.ബി. സതീഷ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| 2017-18 - സാമ്പത്തികവർഷത്തിൽ കിഫ്ബി വഴി നടപ്പിലാക്കുന്നതിന് തത്വത്തിൽ അനുമതി നൽകിയ പ്രവൃത്തികൾക്ക് ഫണ്ട് ലഭ്യമാക്കുന്നതിന് തടസങ്ങളുണ്ടോ; ആയതിന്റെ തുടർ പ്രവർത്തനങ്ങൾ വിശദമാക്കാമോ? | 2016 ലെ ഭേദഗതി ചെയ്ത കിഫ് ആക്ട് നിലവിൽ വന്നതിനുശേഷം നാളിതുവരെ 18938 കോടി രൂപ അടങ്കലുള്ള പദ്ധതികൾ കിഫ് ബോർഡ് അംഗീകരിച്ചിട്ടുണ്ട്. നിലവിലുള്ള കണക്കുകൾ പ്രകാരം ഇവയുടെ നടപ്പാക്കലിനുള്ള ആദ്യഘട്ട ചെലവുകൾ കിഫ്ബിയുടെ നിധിയിൽ നിന്നും അനുവദിക്കുന്നതിന് നിലവിൽ തടസ്സങ്ങളൊന്നുമില്ല. നിധിയിൽ ഇപ്പോൾ ലഭ്യമായ പണത്തിനു പുറമേയുള്ള പദ്ധതി നടത്തിപ്പിനുള്ള ചെലവ് ആവശ്യം വരുന്ന മുറയ്ക്ക് മേൽ സൂചിപ്പിച്ച ആക്ടിൽ നിഷ്കർഷിച്ചിട്ടുള്ള വരുമാന മാർഗ്ഗങ്ങൾ അവലംബിച്ചു കൊണ്ട് ലഭ്യമാകുന്ന പണം കിഫ്ബി നിധിയിലേക്ക് നിക്ഷേപിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ